**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **05-10-2021 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർഫെഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകന്ദൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ ഓൺലൈൻ വ്യാപാര പരിപാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2020 ഏപ്രിൽ മാസത്തെ ആദ്യ ഘട്ട കോവിഡ് വ്യാപന സമയം മുതലാണ് കൺസ്യൂമർഫെഡിൽ ഓൺലൈൻ വ്യാപാരം ആരംഭിച്ചിട്ടുള്ളത്. അവശ്യ നിത്യോപയോഗ സാധനങ്ങൾ കിറ്റുകളാക്കി വിതരണം ചെയ്യുകയാണ് ആദ്യ ഘട്ടത്തിൽ ചെയ്തിട്ടുള്ളത്. രണ്ടാം ഘട്ട കോവിഡ് വ്യാപനത്തിന്റെ ഭാഗമായി ഈ പദ്ധതി വിപുലീകരിച്ച് എല്ലാവിധ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യാൻ കഴിയുംവിധം പ്രവർത്തന സജ്ജമാക്കുകയും പൈലറ്റ് റണ്ണായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, മലപ്പുറം, വയനാട്ജില്ലകളിലേക്കും ഇതിനകം വ്യാപിപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഓൺലൈൻ വ്യാപാരം ഉടൻ ആരംഭിക്കുന്നതാണ്. www.consumerfed.in വെബ് സൈറ്റാണ് ഓൺലൈൻ വ്യാപാരത്തിനായി ഉപയോഗിക്കുന്നത്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിലായി ഹോം അപ്ലയൻസും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും 2021 ഓണക്കാലത്ത് ഓൺലൈനായി ഉപഭോക്താക്കളിലേക്കെത്തിച്ചിരുന്നു. |
| (ബി) | കൺസ്യൂമർ ഫെഡിന്റെ ഹോം ഡെലിവെറി സംവിധാനം വിപുലീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലാണ് കൺസ്യൂമർ ഫെഡിൽ നിത്യോപയോഗ സാധനങ്ങളും, അവശ്യ മരുന്നുകളും വീട്ടുപടിക്കൽ എത്തും‌വിധം ഹോം ഡെലിവെറി സംവിധാനം നടപ്പിലാക്കിയത്. ജീവനക്കാർ ഇരുചക്ര വാഹനങ്ങളിലും മറ്റും സാധനങ്ങൾ എത്തിച്ചു നൽകുകയാണ്ചെയ്യുന്നത്. പ്രാദേശികമായി പ്രവർത്തിക്കുന്ന ത്രിവേണികളിലെയും, അതത് റീജിയണൽ ഓഫീസുകളിലെയും ജീവനക്കാരുടെ ഫോൺ നമ്പറുകൾ പത്രദ്വാര പരസ്യപ്പെടുത്തി |

| | | | |
|---|---|---|---|
| | | | പ്രസ്തുത നമ്പറുകളിലേക്ക് വാട്സ് ആപ്പ് മുഖാന്തിരം ലഭിക്കുന്ന ഓർഡറുകൾ അനുസരിച്ചുള്ള സാധനങ്ങളാണ് വീട്ടു പടിക്കൽ എത്തിച്ചു നൽകുന്നത്. ഇതിനായ് പ്രത്യേക ചാർജ്ജ് ഈടാക്കുന്നില്ല. മുഴുവൻ ജില്ലകളിലേയും ത്രിവേണികളിൽ ഹോം ഡെലിവെറി സംവിധാനം ആവശ്യമുള്ള ഉപഭോക്താക്കൾക്കായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന മരുന്നുകളും ഹോം ഡെലിവറിയായി ആവശ്യമുള്ള ഉപഭോക്താക്കൾക്ക്എത്തിച്ച് നൽകിവരുന്നുണ്ട്. |
| (സി) | കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് കൺസ്യൂമർ ഫെഡ് വഴി ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള എല്ലാ ത്രിവേണി യൂണിറ്റുകളിലും ഉപഭോക്താക്കളുടെ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് അവരിൽനിന്നും അവശ്യനിത്യോപയോഗ സാധനങ്ങളുടെ ഓർഡർ സ്വീകരിച്ച് വീട്ടുകളിൽ എത്തിച്ച് നൽകി. അതോടൊപ്പം ഓൺലൈൻ വെബ് സൈറ്റ്ആയ www.consumerfed.in വഴി ഓർഡർ ശേഖരിച്ച് അവശ്യ നിത്യോപയോഗ സാധനങ്ങൾ ഹോം ഡെലിവറി സംവിധാനത്തിലൂടെ വിതരണം ഉറപ്പാക്കി. കൂടാതെ കണ്ടെയിൻമെന്റ് സോണുകളിൽ മൊബൈൽ ത്രിവേണികൾ ഉൾപ്പെടുത്തി നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു നൽകുന്നതിന് സാധിച്ചു. ഭക്ഷ്യ ധാന്യ ദൗർലഭ്യം ഉണ്ടാകാതിരിക്കാൻ രണ്ടു മാസത്തേക്ക്ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഗോഡൗണുകളിൽ ശേഖരിച്ച് ആവശ്യാനുസരണം വിതരണം നടത്തുകയുമുണ്ടായി. |
| (ഡി) | കോവിഡ് പ്രതിരോധത്തിനായി കുറഞ്ഞവിലക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിൽ എത്തിച്ചിരുന്നോ; വിശദമാക്കാമോ; | (ഡി) | മഹാമാരി സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രതിരോധ ശേഷി വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കേണ്ട 10 ഇനം ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി 200/- രൂപ നിരക്കിൽ ഉപഭോക്താവിന് ലഭ്യമാകുന്ന തരത്തിൽ ഒരു കോവിഡ് പ്രതിരോധ കിറ്റ്നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്തിരുന്നു. മാസ്ക്, മുഖ ഷീൽഡ്, പാരസെറ്റാമോൾ, ആരോഗ്യദായക ഇനങ്ങൾ എന്നിവ പ്രതിരോധ മെഡിക്കൽ കിറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇവ കൺസ്യൂമർ ഫെഡിന്റെയും, വിവിധ സഹകരണ സംഘങ്ങളുടേയും നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുകയുമുണ്ടായിരുന്നു. |
| (ഇ) | കോവിഡ് പ്രതിരോധ സാമഗ്രികളായ മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കുറഞ്ഞ വിലയ്ക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം | (ഇ) | മാസ്ക്, സാനിറ്റൈസർ മുതലായ ഉൽപ്പന്നങ്ങൾ കമ്പനി/വിതരണക്കാരിൽ നിന്നും നേരിട്ട് വലിയ അളവിൽ സംഭരിച്ച് കുറഞ്ഞ നിരക്കിൽ |

| | | | |
|---|---|---|---|
| | ചെയ്യാൻ നടപടികൾ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ? | | കൺസ്യൂമർഫെഡ്നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ മുഖേന വിതരണം ചെയ്തിരുന്നു. സർക്കാർ സംരംഭമായ കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന സാനിറ്റൈസറുകളും വിതരണം നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ